പതിമൂന്നാം കേരള നിയമസഭ

ആറാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1170 13.12.2012ൽ മറുപടിയ്ക്ക്

എം. ടെക് അഡ്മിഷൻ സംബന്ധിച്ച നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. ശശി | ശ്രീ.പി.കെ.അബ്ദുറബ്ബ് (ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഇത്തവണത്തെ എം. ടെക് അഡ്മിഷൻ ഏത് റാങ്കുവരെയുള്ള എസ്. സി. വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) ഇത്തവണത്തെ എം. ടെക് അഡ്മിഷനിൽ എസ്. സി. വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് അഡ്മിഷൻ നല്കിയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.<br>ബ്രാഞ്ച് ബി.ടെക് മാർക്ക്<br><br>കമ്പ്യൂട്ടർ സയൻസ് & ഇഞ്ചിനീയറിംഗ്: 53.98%<br><br>ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് ഇഞ്ചിനീയറിംഗ് : 61.60%<br><br>ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ ഇഞ്ചിനീയറിംഗ് : 61.15%<br><br>സിവിൽ ഇഞ്ചിനീയറിംഗ് : 56.29%<br><br>മെക്കാനിക്കൽ ഇഞ്ചിനീയറിംഗ് : 56.06%<br><br>ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെന്റേഷൻ |

ഇഞ്ചിനീയറിംഗ് :64.67%

| | | | |
|---|---|---|---|
| (ബി) | 07.11.2012-ന് തിരുവനന്തപുരത്ത് എം. ടെക് -ന് നടത്തിയ സ്പോട്ട് അഡ്മിഷൻ എത്ര പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകിയെന്ന് വ്യക്തമാക്കുമോ; | (ബി) | 07.11.2012-ന് തിരുവനന്തപുരത്ത് എം. ടെക് -ന് നടത്തിയ സ്പോട്ട് അഡ്മിഷനിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് ആർക്കും തന്നെ അഡ്മിഷൻ നല്കിയിട്ടില്ല. |
| (സി) | 19.10.2012-ൽ പാലക്കാട് നടന്ന സ്പോട്ട് അഡ്മിഷനിൽ കണ്ണൂർ, കോട്ടയം എഞ്ചിനീയറിംഗ് കോളേജുകളിലെ എസ്. സി.ക്വാട്ടയിൽ ഉണ്ടായ ഒഴിവ് നികത്തിയതെങ്ങനെയെന്ന് വ്യക്തമാക്കുമോ; ഈ സീറ്റുകളിൽ എസ്. സി. വിദ്യാർത്ഥികൾക്ക് അഡ്മിഷൻ നൽകിയിട്ടില്ലെങ്കിൽ അതിനുള്ള കാരണം വിശദീകരിക്കുമോ? | സി) | പ്രോസ്പെക്ടസ് പ്രകാരമുള്ള അലോട്ട്മെന്റുകൾ പൂർത്തീകരിച്ച ശേഷം 2012 സെപ്റ്റംബർ26,27 തീയതികളിൽ തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ വെച്ച് സ്പോട്ട് അഡ്മിഷൻ നടത്തുകയുണ്ടായി. അഡ്മിഷൻ ലഭിക്കാൻ ആഗ്രഹിക്കുന്ന എല്ലാ SC/ST അപേക്ഷകരും സെപ്റ്റംബർ 26ന രാവിലെ ഹാജരാകാൻ നിർദ്ദേശിക്കുകയും അതനുസരിച്ച് അർഹരായവർക്കെല്ലാം അലോട്ട്മെന്റ് നൽകുകയും ചെയ്തു.പിന്നീട് 3 എഞ്ചിനീയറിംഗ് കോളേജുകളിൽ പുതിയ എം.ടെക് കോഴ്സ് അനുവദിക്കുകയുണ്ടായി.അതിനാൽ വിവിധ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ കുറച്ച് സീറ്റുകൾ ഒഴിവു വരികയും അതു നികത്താൻ വേണ്ടി 7-11-12ന തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ |

വെച്ച് സ്പോട്ട് അഡ്മിഷൻ നടത്താൻ തീരുമാനിക്കുകയുമുണ്ടായി.ഈ സ്പോട്ട് അഡ്മിഷനിൽ റാങ്ക് ലിസ്റ്റ് അനുസരിച്ച് മെറിറ്റ് അടിസ്ഥാനത്തിലാണ് അഡ്മിഷൻ നല്കിയത്.ഇതിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് ആർക്കും തന്നെ അഡ്മിഷൻ നല്കിയതായി കാണുന്നില്ല.SC/ST വിദ്യാർത്ഥികൾക്ക് മുഴുവനും സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാൻ അവസരം നല്കിയിരുന്നതിനാലും, ഒഴിവ് വന്ന സീറ്റുകൾ കാറ്റഗറി തിരിച്ച് കണക്കാക്കി എടുക്കുന്നതിലുള്ള പ്രായോഗിക ബുദ്ധിമുട്ട് കണക്കിലെടുത്തുമാണ് ഇങ്ങനെ അഡ്മിഷൻ നടത്തിയത്.ഇതു സംബന്ധിച്ച് രേഖാമൂലം പരാതികളൊന്നും ലഭിച്ചിട്ടില്ല.എന്തെങ്കിലും പരാതി രേഖാമൂലം ലഭിക്കുകയാണെങ്കിൽ അർഹത കണക്കാക്കി പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ